**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **01-09-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണയുടെ ലഭ്യതയും സബ്സിഡിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മണ്ണെണ്ണയുടെ ആവശ്യകതയും ലഭ്യതയും എത്രയാണെന്നത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിനായി മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും ഒരു മാസത്തിൽ 1 ലിറ്റർ വീതവും, മുഴുവൻ നോൺ - ഇലക്ട്രിഫൈഡ് കാർഡുടമകൾക്കും ഒരു മാസത്തിൽ 4 ലിറ്റർ വീതവും നൽകുന്നതിന് മൂന്ന് മാസത്തിൽ 27828 KL മണ്ണെണ്ണ ആവശ്യമായി വരും. ഈ സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 3888 KL വീതം 2 തവണയാണ് സബ്സിഡി മണ്ണെണ്ണ ലഭ്യമായത്.<br><br>നോൺ - സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിനായി മത്സ്യ ബന്ധന യാനങ്ങൾക്കുള്ള നിലവിലെ പെർമിറ്റ് അടിസ്ഥാനത്തിൽ 10 HP വരെയുള്ളവർക്ക് പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയും ,10 മുതൽ 15 HP വരെയുള്ളവർക്ക് പ്രതിമാസം 600 ലിറ്റർ മണ്ണെണ്ണയും ,15 HP യ്ക്ക് മുകളിൽ ഉള്ളവർക്ക് പ്രതിമാസം 800 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ ഒരു മാസത്തിൽ 8398KL മണ്ണെണ്ണ ആവശ്യമായി വരും. ഈ സാമ്പത്തിക വർഷത്തിൽ 2160 KL നോൺ - സബ്സിഡി മണ്ണെണ്ണയാണ് ലഭ്യമായത്. |
| (ബി) | പൊതുജനങ്ങൾക്കും മത്സ്യബന്ധന യാനങ്ങൾക്കും നൽകിവന്നിരുന്ന മണ്ണെണ്ണ സബ്സിഡി കേന്ദ്ര സർക്കാർ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി ആയി ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ ആണ് കേന്ദ്ര സർക്കാർ കുറവ് വരുത്തിയത്. സബ്സിഡി മണ്ണെണ്ണ വിഹിതത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ പാദത്തിലും 6780 KL മണ്ണെണ്ണ വീതം ലഭിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷത്തിലെ ആദ്യ പാദം (ഏപ്രിൽ മുതൽ ജൂൺ വരെ) മുതൽ 6780 KL ൽ നിന്നും 3888 KL ആയി മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയിരിക്കുന്നു. |
| (സി) | സംസ്ഥാനത്തെ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഈ ഇടപെടലുകളിന്മേൽ സംസ്ഥാന | (സി) | സംസ്ഥാനത്തിനുള്ള സബ്സിഡി , നോൺ – സബ്സിഡി മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | സർക്കാർ സ്വീകരിച്ചുവരുന്ന പരിഹാര നടപടികൾ വിലയിരുത്തിയിരുന്നോ; വിശദമാക്കാമോ; | | കേന്ദ്രസർക്കാരിന് നിരന്തരം കത്തുകൾ നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. സബ്സിഡി, നോൺ – സബ്സിഡി മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് രണ്ടു തവണ കേന്ദ്ര മന്ത്രിമാരെ നേരിൽ കാണുകയും ചെയ്തിരുന്നു. |
| (ഡി) | സംസ്ഥാനത്തിനുള്ള മണ്ണെണ്ണയുടെ കേന്ദ്ര വിഹിതം കുറയുന്നതും കേന്ദ്രം മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയതും മുതലെടുത്ത് അമിതവില ഈടാക്കി സാധാരണക്കാരെയും മത്സ്യത്തൊഴിലാളികളെയും ഇടനിലക്കാർ ചൂഷണം ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഈ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ? | (ഡി) | കേന്ദ്ര വിഹിതം വർധിപ്പിക്കുന്നതിനായി ശിപാർശ നൽകിയിട്ടുണ്ട് . ത്രൈമാസ വിതരണത്തിനായി നൽകുന്ന സബ്സിഡി മണ്ണെണ്ണയുടെ വിട്ടെടുപ്പ് ടി പാദത്തിലെ ആദ്യ മാസം തന്നെ പൂർത്തിയാക്കുന്നതിനാൽ ആ മാസത്തെ വിലയിൽ ആണ് ടി പാദം മുഴുവൻ റേഷൻ കടകളിൽ വില്പന നടത്തുന്നത് |

സെക്ഷൻ ഓഫീസർ